LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷികോല്പന്നങ്ങളുടെ സംഭരണം, സൂക്ഷിപ്പ് എന്നീ മേഖലകളിലും കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏറെ സഹായിക്കുന്നു. വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിയനുസരിച്ച് കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചതേങ്ങ, റബ്ബർ എന്നിവയുടെ വില വളരെയധികം താഴുന്ന സാഹചര്യങ്ങളിൽ കേരഫെഡ്, മാർക്കറ്റ്ഫെഡ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഈ ഉല്പന്നങ്ങൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് വിപണിയിലെ ഉല്പന്നവില പിടിച്ചുനിർത്തുന്നതിനും ചില അവസരങ്ങളിൽ ഉയർത്തുന്നതിനും ഇടയാക്കിയിട്ടുണ്ട്. സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം സംസ്ഥാനത്തെ പ്രധാന നെൽകൃഷി മേഖലകളിലെ കർഷകരെ അളവറ്റ് സഹായിക്കുന്നു. 2014 മാർച്ച് മാസം മുതൽ കിലോയ്ക്ക് 19 രൂപയാണ് സംഭരണവില. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണകേന്ദ്രങ്ങൾവഴിയും സംഭരിച്ച് അവ ഗ്രേഡ് തിരിച്ച് ലേലം നടത്തി കർഷകന് ന്യായമായ വില നൽകിവരുന്നു.

നെല്ല് ഉല്പാദനത്തിന് കർഷകന് ധനസഹായം

174 (3459) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്നത് എത്ര ഹെക്ടറിലാണ്;

(ബി) നെല്ല് ഉല്പാദനത്തിന് കർഷകന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്;

(സി) തരിശ് ആയി കിടന്നിരുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14 വർഷം 199611 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15 നടപ്പുവർഷത്തേയ്ക്കായി 209000 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു.

(ബി) 2014-15 വർഷം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം: (ഗ്രൂപ്പ് ഫാമിംഗ്) ഹെക്ടറിന് 4,500 രൂപ സബ്സിഡി നൽകിക്കൊണ്ട് ഉല്പാദനോപാധികളുടെ ചെലവ് ഇനത്തിനായി 180000 ഹെക്ടറിലേയ്ക്ക്, സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയുടേയും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 5400 ലക്ഷം രൂപയുടേയും പദ്ധതി നടപ്പിലാക്കിവരുന്നു.

2. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം: നെൽകൃഷി വികസന ഏജൻസി മുഖാന്തിരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. പൊക്കാളി നെൽകൃഷി വികസന പദ്ധതി: ഈ പദ്ധതി പ്രകാരം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 695 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 69.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകുന്നു.

4. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്: കുട്ടനാട് പ്രദേശത്തെയ്ക്കായി തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കുന്നു. ആകെ 166.67 ഹെക്ടറിന് 50 ലക്ഷം രൂപ.

5. പ്രത്യേക നെല്ലിനങ്ങളുടെ വികസനം: പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ബസുമതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി ആകെ 2000 ഹെക്ടറിൽ 200 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. തരിശുനില നെൽകൃഷി വികസനം: ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലങ്ങൾ നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 1550 ഹെക്ടർ സ്ഥലത്ത് 178.25 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ഫണ്ട്: പാടശേഖരങ്ങളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിനായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

8. ഹെക്ടറൊന്നിന് 1,000 രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകിവരുന്നു.

9. സൗജന്യ വൈദ്യുതി ആനുകൂല്യം നെൽകൃഷി മേഖലയിലും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷം തരിശായിക്കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 11,500 രൂപ സബ്സിഡി നൽകി 1550 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ കുട്ടനാട് പ്രദേശത്തേയ്ക്കായി തരിശുനില നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിന് 30,000 രൂപ സബ്സിഡി നൽകി 166.67 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിവരുന്നു.

കർഷക സേവനകേന്ദ്രങ്ങളും ജൈവകൃഷിയും

175 (T*3460) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി മുഖ്യ വ്യാപനത്തിനും എന്തെല്ലാം പദ്ധതികളാണ് വകുപ്പുതലത്തിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കർഷക സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തന മേഖലയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എന്ത് തുക ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ്, കേന്ദ്രസർക്കാർ, ത്രിതല പഞ്ചായത്ത് എന്നിവയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാനത്ത് കൃഷി

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly